പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 524 — 24.10.2011– ലെ മറുപടി

## കെ.എസ്.ആർ.ടി.സി ഷോപ്പിംഗ് കം ഓഫീസ് പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. വി. ശിവൻകുട്ടി
ശ്രീ. സാജു പോൾ
ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | നിർമ്മാണത്തിലിരിക്കുന്ന കെ.എസ്.ആർ.ടി.സി യുടെ ഷോപ്പിംഗ് കം ഓഫീസ് പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | വിലയിരുത്തിയിട്ടുണ്ട്. കോഴിക്കോട്, തിരുവനന്തപുരം, തിരുവല്ല എന്നീ സ്ഥലങ്ങളിൽ ബസ് ടെർമിനൽ കോംപ്ലക്സുകളുടെ നിർമ്മാണം 2012 ജൂൺ മാസം പൂർത്തിയാകത്തക്ക രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മലപ്പുറം ബസ് ടെർമിനലിന്റെ നിർമ്മാണം നവംബർ മാസം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | തിരുവനന്തപുരത്ത് തമ്പാനൂരിലെ നിർമ്മാണ പ്രവൃത്തി നിലച്ചിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ് ; | (ബി) | 2011 ജൂൺ 23 മുതൽ 27 വരെയും, 2011 ആഗസ്റ്റ് 4 മുതൽ സെപ്റ്റംബർ 30 വരെയും തൊഴിൽ വകുപ്പിന്റെ നിർദ്ദേശപ്രകാരം പണി നിർത്തിവച്ചിരുന്നു. തൊഴിലാളികൾക്ക് യോഗ്യമായ താമസ സൗകര്യവും ആരോഗ്യ പരിരക്ഷയും, സുരക്ഷാ സംവിധാനവും ആവശ്യത്തിന് ഒരുക്കിയിട്ടില്ല എന്നും ആവശ്യത്തിനുള്ള ഹെൽമെറ്റ്, സേഫ്റ്റിബെൽറ്റ് എന്നിവ തൊഴിലാളികൾക്ക് നൽകിയിട്ടില്ലായെന്നുമാണ് കാരണമായി പറഞ്ഞിരുന്നത്. |
| (സി) | പ്രസ്തുത പദ്ധതി എന്നു പൂർത്തീകരിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത് ? | (സി) | 2012 ജൂൺ മാസം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ